
>> കവർസ്റ്റോറി

• ബശീർ ഉളിയിൽ

# ഇസ്‌ലാംഭീതിയുടെ വിഭ്രാമക ചിന്തകൾ



**പശുവിനും ബ്രാഹ്മണനും സുഖമായാൽ ലോകം മുഴുവൻ സുഖം എന്നർഥം വരുന്ന പൂർണ ശ്ലോകത്തിന്റെ അവസാന വരി - ലോകാ സമസ്താ സുഖിനോ ഭവന്തു - ഉദ്ധരിച്ച് സനാതന സഹിഷ്ണുതയും ഒരു കവിളത്തടിയേറ്റാൽ മറ്റേ കവിളും കാണിക്കണമെന്ന ക്രിസ്തു മൊഴി സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത് ക്രൈസ്തവ വിശാലതയും ഘോഷിക്കപ്പെടുമ്പോൾ മനുഷ്യ ജീവിതത്തിന്റെ നിഖില മേഖലകൾക്കും വഴി കാണിക്കുന്ന ഖുർആൻ അവതരിപ്പിച്ച യുദ്ധ മര്യാദകൾ പെറുക്കിയെടുത്ത് 'യുദ്ധവും ഹിംസയും ഇസ്‌ലാമിക വിശ്വാസത്തിന്റെ സ്ഥാപക മൂല്യ മണ്ഡലത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്' എന്ന് ഉപന്യസിക്കുന്നത് മിതമായ വാക്കുകളിൽ പറഞ്ഞാൽ ധൈഷണിക ഷണ്ഡത്വമാണ്.**

**കമ്പോള** സാധ്യത ഏറെയുള്ള വിഷയത്തെക്കുറിച്ച് വൃഥാ ഉപന്യസിക്കുന്ന അവസ്ഥയിലേക്ക് ജെ. രഘുവിനെ പോലുള്ള കൃതഹസ്തരായ എഴുത്തുകാർ പോലും എത്തിപ്പെടുന്നു ('മുസ്‌ലിം തീവ്രവാദം ഇല്ലാതാക്കാൻ ഒരു ചിന്ത' *കലാകൗമുദി*, ലക്കം: 1696) എന്നതാണെന്ന് തോന്നുന്നു നാം നേരിടുന്ന വലിയൊരു പ്രതിസന്ധി. ജെ. രഘുവിന്റെ ഉൽപന്നമാകട്ടെ ഡാനിഷ് കാർട്ടൂണിന്റെ നിലവാരം പോലും പുലർത്തുന്നുമില്ല. എന്തായാലും രണ്ടു പുറങ്ങളിലായി *കലാകൗമുദി* പ്രസിദ്ധീകരിച്ച ലീഡ് സ്റ്റോറി ഇങ്ങനെ സംഗ്രഹിക്കാം: ഇസ്‌ലാമിന്റെ പേരിൽ ആഗോളവൽക്കരിക്കപ്പെടുന്ന തീവ്രവാദം നിമിത്തം മുസ്‌ലിംകൾ അന്ധകാരത്തിന്റെ നിസ്സഹായതയിലാണ് ഉള്ളത്. ഈ ലോകത്ത് എങ്ങനെയെങ്കിലും കുറച്ചുകാലം ജീവിക്കാൻ അതിയായി കൊതിക്കുന്ന പാവപ്പെട്ട മുസ്‌ലിംകളെ രക്ഷിക്കാൻ അല്ലാഹുപോലും നിസ്സഹായനായിരിക്കെ, ചില മോചനവഴികൾ പറഞ്ഞുതരാൻ രഘുവിനെ പോലുള്ള അതിമാനുഷർ ബാധ്യസ്ഥരാകുന്നു. ആമോചനമന്ത്രം ഇതാണ്; മുസ്‌ലിംകൾക്ക് ജീവിക്കണോ, മത പരിത്യാഗത്തിന് ഒരുങ്ങിക്കൊള്ളുക. എന്തുകൊണ്ടെന്നാൽ 'ചലനാവയവങ്ങളില്ലാതെ ജനിച്ച ഇസ്‌ലാമിന് അനുഭവപ്പെടുന്നത് ഭയവും അരക്ഷിതത്വവും ലോക വിദ്വേഷവുമാണ്.' അതിജീവനക്ഷമമായ ആത്മ നവീകരണത്തിന് ഇസ്‌ലാമിനു മുന്നിൽ അനിസ്‌ലാമികതയുടെ മാനുഷിക മാർഗമേയുള്ളൂ. തെളി മലയാളത്തിൽ പറഞ്ഞാൽ, സർവ രാജ്യ മുസ്‌ലിംകളേ, ഇസ്‌ലാമിനെ പരിത്യജിക്കുവിൻ, അല്ലെങ്കിൽ കൊന്നുകളയും എന്നുതന്നെ.

മൊസാദ്-സി.ഐ.എ ഗൂഢാലോചന എന്ന് മുൻ ഇറ്റാലിയൻ പ്രസിഡന്റ് ഫ്രാൻസിസ്കോ കോസിഗോ അടക്കമുള്ളവർ ആരോപിക്കുന്ന, അഥവാ ആസൂത്രകരാരെന്ന് ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ലാത്ത 9/11 സംഭവത്തെ തുടർന്ന് ജോർജ് ബുഷും വലതുപക്ഷ ക്രിസ്ത്യൻ-സയണിസ്റ്റ് ലോബിയും ഏകപക്ഷീയമായി തുടക്കം കുറിക്കുകയും, ലോകമെങ്ങുമുള്ള ഫാഷിസ്റ്റു ശക്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇസ്‌ലാം വേട്ട ഏറ്റെടുക്കാൻ ഭൂമി മലയാളത്തിൽ സർഗാത്മക പിൻഗാമികൾ ഉയിരെടുത്തിരിക്കുന്നു എന്നർഥം. പക്ഷേ, 'സ്വയം പൊട്ടിത്തെറിക്കുന്ന മുസ്‌ലിം തീവ്രവാദ'ത്തിന്റെ തോറാ ബോറാ ഗഹ്വരങ്ങളിൽനിന്ന് കരി പോലും ദേഹത്ത് പുരളാതെ പുറത്തുവന്നശേഷം ഇസ്‌ലാമാശ്ലേഷിക്കുകയും ഇസ്‌ലാമിക ആക്റ്റിവിസ്റ്റായി ലോകം മുഴുവൻ അവിശ്രമം ഓടിനടക്കുകയും ചെയ്യുന്ന യിവോൺ റിഡ്‌ലി എന്ന ബ്രിട്ടീഷ് പത്ര പ്രവർത്തക കേരളത്തിലെത്തിയതിന്റെ തൊട്ടുടനെ പ്രസിദ്ധീകരിക്കപ്പെട്ടതിനാൽ നർമരസ പ്രധാനമായ ഒന്നായാണ് പ്രസ്തുത ലേഖനം വായനക്കാരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്.




ജെ. രഘുവിന് ഇസ്‌ലാമിനെക്കുറിച്ച് വിലപ്പെട്ട വിവരങ്ങൾ ലഭിച്ചത്, മുസ്‌ലിം നാമധാരികളുടെ ഇസ്‌ലാം വിമർശനം വില കൂടിയ ചരക്കായി ഗണിക്കപ്പെടുന്ന, വർത്തമാനകാലത്ത് സാഹിത്യമെന്ന വ്യാജേന ചവറുകൾ എഴുതിക്കൂട്ടുന്ന സൽമാൻ റുഷ്ദി, തസ്‌ലീമ നസ്‌റീൻ, ഡോ. വഫാ സുൽത്താൻ എന്നീ ബുദ്ധിജീവി നാട്യക്കാരിൽ നിന്നാണ്. ആദ്യത്തെ രണ്ട് 'ധീരന്മാരെ' കൈരളിക്ക് പരിചയപ്പെടുത്തേണ്ടതില്ല. സിറിയയിലെ ഇസ്‌ലാമിക തീവ്രവാദികൾ 'ഫത്‌വ' വിധിച്ചതിന്റെ പേരിൽ അമേരിക്കയിൽ ഒളിവ് ജീവിതം നയിക്കുന്ന സിറിയക്കാരിയായ സൈക്യാട്രിസ്റ്റ്' എന്ന് ലേഖകൻ പരിചയപ്പെടുത്തുന്ന വഫാ സുൽത്താനാണ് ലേഖനത്തിന്റെ യഥാർഥ പ്രചോദകം. 1959-ൽ ദമസ്‌കസിൽ ജനിക്കുകയും 1989-ൽ അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും ചെയ്ത ഡോ. വഫയുടെ വാക്കുകൾ തന്നെയാണ് *കലാകൗമുദി* ലേഖകനെക്കാൾ അവരെ പരിചയപ്പെടാനുതകുക. വഫ പറയുന്നു: 'ഞാൻ ഇസ്‌ലാമിനോട് പോരാടാൻ തന്നെ തീരുമാനിച്ചിരിക്കുന്നു. എന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഇസ്‌ലാമിനോടു തന്നെയാണ് എന്റെ യുദ്ധം. രാഷ്ട്രീയ ഇസ്‌ലാമിനോടോ വഹാബി ഇസ്‌ലാമിനോടോ അല്ല, ശരിയായ ഇസ്‌ലാമിനോടു തന്നെ. ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെട്ടിട്ടില്ല. ഇസ്‌ലാം തന്നെയാണ് പ്രശ്നം. മുസ്‌ലിംകൾ തിരിച്ചറിഞ്ഞേ മതിയാവൂ. രണ്ടേ രണ്ട് വഴികളാണ് അവർക്ക് മുന്നിലുള്ളത്. മത പരിത്യാഗം നടത്തുക; അല്ലെങ്കിൽ പീഡനത്തിനു വിധേയരാവുക' (*സ്ത്രീ ഇസ്‌ലാമിൽ*: ഡോ. വഫാ സുൽത്താൻ).

'ഏതെങ്കിലുമൊരു ജർമൻ ഹോട്ടലിൽ സ്വയം പൊട്ടിത്തെറിക്കുന്ന ഒരു ജൂതനെ ലോകം ഇന്നേവരെ കണ്ടിട്ടില്ല. മനുഷ്യരെ കൊന്നൊടുക്കുന്ന ഒരു ജൂത പ്രതിഷേധത്തിനും ലോകം സാക്ഷിയായിട്ടില്ല.' മഹദ്വചനം എന്ന മട്ടിലുള്ള വഫയുടെ വാക്കുകൾ ഉദ്ധരിച്ചാണ് രഘുവിന്റെ ലേഖനം തുടങ്ങുന്നത്. അറുപതുകളിലെ സബ്റ-ശാത്തില തൊട്ട് ഇന്നത്തെ ഗസ്സ വരെയുള്ള മനുഷ്യക്കുരുതികളെക്കുറിച്ച് അമേരിക്കയിൽ ജീവിക്കുമ്പോഴും അറിയാതെ പോകുന്ന മനഃശാസ്ത്ര വിദഗ്ധയുടെ മനോനില മാത്രമല്ല, വിജ്ഞാന നിലവാരവും അടിയന്തിരമായും പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. ലോകത്തിന്റെ എല്ലാ മൂലകളിൽനിന്നും അതിക്രമിച്ചു കടന്ന് തദ്ദേശീയരായ ഫലസ്തീനികളെ തുരത്തുകയും കൊന്നു തീർക്കുകയും ചെയ്യുന്ന ഇസ്രയേലിലെ ജൂതന്മാർ തന്നെ വഫയുടെ ഈ വങ്കത്തം കേട്ട് പൊട്ടിച്ചിരിച്ചേക്കും. ജൂതൻ സ്വയം പൊട്ടിത്തെറിക്കാത്തത്, ലോകത്ത് ജൂത ഗർഭ പാത്രത്തിൽ പിറന്ന ചാപിള്ളക്ക് വേണ്ടി പാറ്റൺ ടാങ്കുകളും ലേസർ ബോംബുകളും പൊട്ടിക്കാൻ അമേരിക്കയും ശിങ്കിടികളും സദാ ജാഗരൂകമായതിനാലാണ് എന്നറിയാൻ കോളമെഴുത്ത് മഹായജ്ഞത്തിനിടയിൽ ഇത്തിരി നേരം ലോക വാർത്തകളിലേക്ക് കണ്ണയച്ചാൽ മാത്രം മതി. ബാൾഫർ പ്രഖ്യാപനത്തെ തുടർന്ന് '40 കളിൽ ഫലസ്തീനിൽ ബലം പ്രയോഗിച്ച് കടക്കുകയും ആറ് പതിറ്റാണ്ട് പിന്നിടുമ്പോൾ അന്നാട്ടുകാരെ ആട്ടിയോടിച്ച് വൻമതിൽ പണിയുകയും ചെയ്യുന്ന സയണിസ്റ്റുകൾക്കുനേരെ സ്വയം പൊട്ടിത്തെറിക്കാൻ ഇരകളെ പ്രേരിപ്പിക്കുന്നത്, ആത്മാഭിമാനവും ഇസ്‌ലാമിക വിശ്വാസത്തിൽ നിന്ന് ഉരുവംകൊണ്ട സ്വാതന്ത്ര്യ ബോധവുമാണ്. ഇതിനെ 'ഹൂറിമാരാൽ സമൃദ്ധമായ പരലോകത്തിലെ സ്വർഗീയാരാമങ്ങളെ കുറിച്ച പ്രലോഭന'മായി, അമേരിക്കൻ പൗരത്വത്തിന്റെ സുഖശീതളിമയിൽ അഭിരമിക്കുന്നവർ അഭിശംസിക്കുന്നതിന്റെ രസതന്ത്രം മനസ്സിലാക്കാമെങ്കിലും, അതേറ്റു പാടുന്ന മലയാള 'ബുജി'കളുടെ മനഃശാസ്ത്രമാണ് പഠന വിധേയമാക്കേണ്ടത്.

സംഘ്പരിവാർ പോലും പരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന മിതവാദ ഇസ്‌ലാമിന്റെയും നാമമാത്ര ഇസ്‌ലാമിന്റെയും മുഖ്താർ നഖ്‌വി സങ്കൽപത്തെ പോലും ചുട്ടു ചാമ്പലാക്കിയാണ് ലേഖനം കത്തിപ്പടരുന്നത്. 'മിതവാദികളായ മുസ്‌ലിംകൾക്ക് അത്യന്തം അപായകരമായ സമകാലീനാവസ്ഥയെ അതിജീവിക്കാൻ കഴിയുമോ' എന്ന ചോദ്യം കൊണ്ട് ഉത്തരം പറയുന്ന രഘുവിലൂടെ നിർഗളിക്കുന്നത് ഫാഷിസ്റ്റ് സ്വരത്തെക്കാൾ ഭീഷണമായ ഒന്നാണ്. മുസ്‌ലിംകൾ 'അനിസ്‌ലാമികതയുടെ മാനുഷിക മാർഗ'ത്തിലേക്ക് 'മാർക്കം കൂടാൻ' ഉപദേശിക്കുന്നതിന്റെ നേർക്കുനേരെയുള്ള അർഥം, മാമോദീസ മുക്കിയും പുണ്യാഹം തളിച്ചും ഇസ്‌ലാമിന്റെ നാഭീനാള ബന്ധം കൂടി വിഛേദിക്കണം എന്നല്ലെങ്കിൽ മറ്റെന്താണ്! പേരുപോലും വെച്ചേക്കരുത് എന്ന ഉഗ്രശാസനം. അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ലാറ്റിനമേരിക്കൻ ജനത പൊരുതിയത് ക്രൈസ്തവ ചാവേറുകളെ സൃഷ്ടിച്ചുകൊണ്ടായിരുന്നില്ല എന്ന രഘുവിന്റെ നിരീക്ഷണത്തിലും ചരിത്രാവബോധത്തിന്റെ കമ്മിയുണ്ട്. ചരിത്ര രചനയുടെ ഭാഷാ പ്രയോഗങ്ങളിൽ പോലും ഏകപക്ഷീയമായ ക്രൈസ്തവ അധിനിവേശം നടന്നിട്ടുണ്ടെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പോലുള്ളവർ നേരത്തെ കണ്ടെത്തിയതാണ്. മധ്യേഷ്യയിൽനിന്ന് കടന്നുവന്ന മുഗളന്മാർ ആക്രമണകാരികളായ മുസ്‌ലിം അധിനിവേശക്കാരാവുമ്പോൾ, കച്ചവടക്കാരായി വന്ന് രാജ്യം കീഴടക്കിയ ബ്രിട്ടീഷുകാർ ചരിത്രത്തിൽ ക്രിസ്ത്യൻ അക്രമണകാരികളല്ലാതാവുന്ന വികലമായ ചരിത്രാഖ്യാനത്തെ കുറിച്ചാണ് നെഹ്റു എഴുതിയ

ത്. ഇന്നും സ്ഥിതി മാറിയിട്ടില്ല. ബോസ്നിയയിൽ ഒരു ഭാഗത്ത് മുസ്‌ലിംകളാണെങ്കിൽ മറു ഭാഗത്ത് അവരെ കൊന്നൊടുക്കി മൃത ശരീരത്തിൽ ചോര കൊണ്ട് കുരിശ് വരച്ചവർ പക്ഷേ, ക്രിസ്ത്യാനികളല്ല; സെർബുകൾ! അന്യ ദേശങ്ങളിൽനിന്ന് പശ്ചിമേഷ്യയിലേക്ക് കുടിയേറിയ യഹൂദികൾ ഇസ്രയേലി പൗരന്മാരും തദ്ദേശീയരായ ഫലസ്തീൻകാർ മുസ്‌ലിം ചാവേറുകളും....!

'സ്വന്തം വിശ്വാസങ്ങളോട് ചോദ്യങ്ങൾ ചോദിക്കാൻ ഒരു മുസ്‌ലിമിന് അവകാശമില്ലെന്ന്' തസ്‌ലീമയെയും വഫാ സുൽത്താനെയും ഉദ്ധരിച്ച് ആധികാരിക സിദ്ധാന്തം ചമയ്ക്കുന്ന ലേഖകൻ, അമേരിക്കൻ പരിവർത്തിത മുസ്‌ലിമും കാൻസാസ് സർവകലാശാലയിലെ സാമ്പത്തിക വിഭാഗം തലവനുമായ ഡോ. ജെഫ്രിലാംഗിന്റെ *മാലാഖമാർ പോലും ചോദിക്കുന്നു* എന്ന പുസ്തകം (മലയാളത്തിലും ലഭ്യമാണ്) ഒരു വട്ടം മറിച്ചു നോക്കാനെങ്കിലും സമയം കണ്ടെത്തേണ്ടിയിരുന്നു. സാക്ഷാൽ അല്ലാഹുവിനെ പോലും ചോദ്യം ചെയ്യാൻ മാത്രം ഇലാസ്തികവും പ്രവിശാലവുമാണ് ഇസ്‌ലാം എന്ന തിരിച്ചറിവിൽ, ഖുർആനെയും അല്ലാഹുവിനെ തന്നെയും നിഷ്കൃഷ്ടമായി ചോദ്യം ചെയ്ത് ഒടുവിൽ 'പ്രത്യക്ഷരം ദൈവ വചനങ്ങളിൽ കുറഞ്ഞ ഒന്നുമല്ലാത്ത' ഖുർആനിൽ ആകൃഷ്ടനായി ഇസ്‌ലാമാശ്ലേഷിച്ച വ്യക്തിയാണ് ജെഫ്രി ലാംഗ്. അമേരിക്കയിൽ ഇപ്പോഴും ജീവിക്കുന്ന ലാംഗ് സമകാലിക മനുഷ്യാവസ്ഥയിൽ ഇസ്‌ലാമിന്റെ പേരിൽ നടക്കുന്ന ഹിംസാത്മക ഇടപെടലുകളിൽ ഭയചകിതനായി അതിൽ അഭയം തേടിയെത്തിയതാണെന്ന് ലേഖകന് പറയാൻ കഴിയുമോ?

'സ്വന്തം വെളിപാടുകളുടെ പ്രയോഗക്ഷമതക്കുവേണ്ടി മുസ്‌ലിംകളെ ഗോത്രാവസ്ഥയിൽ പിടിച്ചു നിർത്താൻ അല്ലാഹുവിനു പോലും കഴിയില്ല,' 'ഹിംസക്ക് പ്രേരണ നൽകുന്ന ഒരേയൊരു ഇസ്‌ലാമാണ് 14 നൂറ്റാണ്ടുകാലത്തെ ചരിത്രത്തിൽ എല്ലാ കാലത്തും ഏത് സ്ഥലത്തും നിലനിന്നത്' എന്നിങ്ങനെയുള്ള പുലമ്പലുകൾ നൽകുന്ന സൂചന, ലേഖകന്റെ ഇസ്‌ലാമിക പഠനം റുഷ്ദിയുടെയും തസ്‌ലീമയുടെയും പ്രതിലോമ ചിന്തകളിൽനിന്ന് ഇസ്‌ലാമിന്റെ മൂല വേദത്തിലേക്ക് തിരിയണമെന്നാണ്. 'ഭാരതത്തിന് ഒരു ഭരണക്രമം തെരഞ്ഞെടുക്കാൻ എനിക്ക് സ്വാതന്ത്ര്യം ലഭിച്ചാൽ ഞാൻ തെരഞ്ഞെ

**മധ്യേഷ്യയിൽനിന്ന് കടന്നുവന്ന മുഗളന്മാർ ആക്രമണകാരികളായ മുസ്‌ലിം അധിനിവേശക്കാരാവുമ്പോൾ, കച്ചവടക്കാരായി വന്ന് രാജ്യം കീഴടക്കിയ ബ്രിട്ടീഷുകാർ ചരിത്രത്തിൽ ക്രിസ്ത്യൻ അക്രമണകാരികളല്ലാതാവുന്ന വികലമായ ചരിത്രാഖ്യാനത്തെ കുറിച്ചാണ് നെഹ്റു എഴുതിയത്. ഇന്നും സ്ഥിതി മാറിയിട്ടില്ല. ബോസ്നിയയിൽ ഒരു ഭാഗത്ത് മുസ്‌ലിംകളാണെങ്കിൽ മറു ഭാഗത്ത് അവരെ കൊന്നൊടുക്കി മൃത ശരീരത്തിൽ ചോര കൊണ്ട് കുരിശ് വരച്ചവർ പക്ഷേ, ക്രിസ്ത്യാനികളല്ല; സെർബുകൾ! അന്യദേശങ്ങളിൽനിന്ന് പശ്ചിമേഷ്യയിലേക്ക് കുടിയേറിയ യഹൂദികൾ ഇസ്രയേലി പൗരന്മാരും തദ്ദേശീയരായ ഫലസ്തീൻകാർ മുസ്‌ലിം ചാവേറുകളും....!**

ടുക്കുന്നത് ഖലീഫാ ഉമറിന്റെ ഭരണമായിരിക്കും' എന്ന ഗാന്ധിജിയുടെ ഒരൊറ്റ മൊഴിയിൽ ഈ ആരോപണങ്ങൾക്കുള്ള മറുപടി അന്തർലീനമായിരിക്കുന്നു.

ഇസ്‌ലാം വിഷയത്തിൽ പച്ച മലയാളത്തിലുള്ള കാക്കത്തൊള്ളായിരം കൃതികളിലൊന്നെങ്കിലും മറിച്ചു നോക്കാൻ അതിരുകവിഞ്ഞ സാഹിത്യ ഔദ്ധത്യം ലേഖകന് വിഘാതമാണെങ്കിൽ വൈക്കം മുഹമ്മദ് ബഷീറിനെയെങ്കിലും വായിക്കാൻ ശ്രമിക്കുക. 'ലോക മതങ്ങളുടെ സുബദ്ധമായ അവസാനത്തെ പതിപ്പാകുന്നു ഇസ്‌ലാം. പറഞ്ഞില്ലേ - സത്യത്തിന്റെയും സമാധാനത്തിന്റെയും മതം. സ്നേഹം, സഹാനുഭൂതി, സാഹോദര്യം ഇതൊക്കെയാകുന്നു ഇസ്‌ലാമിലുള്ളത്. നിറം, വിശ്വാസം ഒന്നും വകവെക്കാതെ മാനവരാശിയോട് സ്നേഹത്തിൽ വർത്തിക്കാൻ ഇസ്‌ലാം പഠിപ്പിക്കുന്നു. പരിശുദ്ധമായ ജീവിതം, പരിശുദ്ധമായ ചിന്തകൾ- മാതൃകായോഗ്യനായ നല്ല മനുഷ്യനാകുന്നു മുസ്‌ലിം. ഖുർആൻ പഠിക്കുക, സമാധാനത്തിന്റെ മതമാണ് ഇസ്‌ലാം എന്ന് ആത്മാവിൽ വിശ്വസിക്കുക, ജീവിക്കുക. മുഹമ്മദ് നബി പഠിപ്പിക്കുന്നു, ലോകത്തുണ്ടായിട്ടുള്ള എല്ലാ മതാചാര്യന്മാരേയും ആദരിക്കാൻ. ഖുർആനിലൂടെ അല്ലാഹു ഉപദേശിക്കുന്നു: 'മത കാര്യത്തിൽ യാതൊരുവിധ നിർബന്ധവും പാടില്ല' (ഖുർആൻ 2:256); 'പറയുക, സത്യം നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവൻ നിഷേധിക്കട്ടെ' (3:76), 'ഒരു ജനത നിങ്ങളോട് വല്ല അനീതിയും കാണിച്ചാൽ അവരോട് അതിക്രമം പ്രവർത്തിക്കുന്നതിന് അത് പ്രേരകമായിത്തീരരുത്' (5:2), (ബഷീർ - *ഓർമയുടെ അറകൾ*).

പ്രവാചകനും അനുചരന്മാരും അഭയം തേടിയ നാട്ടിനു നേരെ നടന്ന കടന്നാക്രമണങ്ങളോടുള്ള പ്രതികരണങ്ങളിൽ കവിഞ്ഞ ഒരു ഹിംസയെങ്കിലും ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിൽനിന്ന് ചൂണ്ടിക്കാണിക്കാനാവില്ല. 13 വർഷം സത്യശുദ്ധമായ ഒരാദർശത്തിനു വേണ്ടി ഖുറൈശി ബ്രാഹ്മണ്യത്തിന്റെ മാനസിക പീഡനങ്ങൾ ഏറ്റുവാങ്ങി ഗത്യന്തരമില്ലാതെ അയൽ നാടിലേക്ക് പലായനം ചെയ്ത് 10 വർഷത്തിനുശേഷം ഒരുതുള്ളി രക്തം ചീന്താതെ ജന്മഭൂമി തിരിച്ചു പിടിച്ച ചരിത്രം മറ്റേതെങ്കിലും ജനതയുടെ കാര്യത്തിൽ കാണിക്കാൻ കഴിയില്ല. ഇസ്‌ലാമിന് ചരിത്രത്തിലെ ചിരകാല പ്രതിനായക സ്ഥാനം നൽകുന്ന ലേഖകൻ, ഏത് ദർശനമാണ് അഹിംസ മാനവ ചരിത്രത്തിൽ അവതരിപ്പിച്ചത് എന്ന് കൂടി വ്യക്തമാക്കേണ്ടതുണ്ട്. ഭഗവദ്ഗീതയിൽ ഹിംസയുടെ വേദോപദേശമില്ലേ? 'വാൾ നിവർത്തിപ്പാനത്രെ ഞാൻ വന്നത്' എന്ന ബൈബിൾ വചനത്തിൽ പോർവിളിയുടെ ആഹ്വാനമില്ലേ? ഇനി ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള പോരാട്ടത്തിന്റേതാണ് മനുഷ്യചരിത്രം എന്ന മാർക്സിന്റെ ദർശനത്തിലാണോ ഹിംസയില്ലാത്തത്? പശുവിനും ബ്രാഹ്മണനും സുഖമായാൽ ലോകം മുഴുവൻ സുഖം എന്നർഥം വരുന്ന പൂർണ ശ്ലോകത്തിന്റെ അവസാന വരി - ലോകാ സമസ്താ സുഖിനോ ഭവന്തു - ഉദ്ധരിച്ച് സനാതന സഹിഷ്ണുതയും ഒരു കവിളത്തടിയേറ്റാൽ മറ്റേ കവിളും കാണിക്കണമെന്ന ക്രിസ്തു മൊഴി സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത് ക്രൈസ്തവ വിശാലതയും ഘോഷിക്കപ്പെടുമ്പോൾ മനുഷ്യ ജീവിതത്തിന്റെ നിഖില മേഖലകൾക്കും വഴി കാണിക്കുന്ന ഖുർആൻ അവതരിപ്പിച്ച യുദ്ധ മര്യാദകൾ പെറുക്കിയെടുത്ത് 'യുദ്ധവും ഹിംസയും ഇസ്‌ലാമിക വിശ്വാസത്തിന്റെ സ്ഥാപക മൂല്യ മണ്ഡല

ത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്' എന്ന് ഉപന്യസിക്കുന്നത് മിതമായ വാക്കുകളിൽ പറഞ്ഞാൽ ധൈഷണിക ഷണ്ഡത്വമാണ്. അല്ലെങ്കിൽ ചാഞ്ഞ മരത്തിലേക്ക് പാഞ്ഞു കയറാനുള്ള 'അസാമാന്യ ധീരത.'

'മതത്തിൽ ബലാൽക്കാരമില്ല,' 'നിന്റെ ചുമതല പ്രബോധനം മാത്രമാകുന്നു' തുടങ്ങിയ ഒട്ടേറെ സൂക്തങ്ങളിലൂടെ മത പ്രചാരണത്തിന് ഹിംസയുടെ മാർഗം നിരാകരിക്കുന്ന ഖുർആൻ, ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം ഖുർആനിക സാമൂഹിക വ്യവസ്ഥ അംഗീകരിക്കുമ്പോൾ അതിന് വിഘാതം നിൽക്കുന്നവർക്കെതിരെ പ്രതിരോധിക്കാനും അനുവാദം നൽകുന്നുണ്ട്. ചരിത്രത്തിലൊരിക്കലും ഇസ്‌ലാമിന്റെ പ്രചാരണത്തിന് ഹിംസയുടെ വഴി തേടിയിട്ടില്ല എന്ന് സർ തോമസ് ആർനൾഡിനെ (The Preaching of Islam - Thomas Arnold) നെ പോലുള്ളവർ സാക്ഷ്യപ്പെടുത്തുന്നു. ഇവിടെ ഇസ്‌ലാമും ഇതര പ്രത്യയ ശാസ്ത്രങ്ങളും തമ്മിലുള്ള മൗലികമായ അന്തരങ്ങളിലൊന്ന്, അവ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഏതു മാർഗവും ചതുർഥിയായി കാണുമ്പോൾ, ഇസ്‌ലാം ലക്ഷ്യം പോലെ മാർഗവും പരിശുദ്ധമായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. അതുകൊണ്ടാണ് പ്രവാചകൻ മുഹമ്മദിനെതിരെ കാർട്ടൂൺ പ്രസിദ്ധീകരിച്ചവരെ യേശുവിന്റെ കാർട്ടൂൺ കൊണ്ട് പ്രതിരോധിക്കാൻ മുസ്‌ലിംകൾ തയാറാകാത്തത്.

യഥാർഥത്തിൽ മനുഷ്യ നന്മക്കായി അവതരിച്ച ദർശനങ്ങളെല്ലാം ശാന്തിയും സമാധാനവുമാണ് പ്രഘോഷിക്കുന്നത്. ശാന്തി എന്നർഥം വരുന്ന ഇസ്‌ലാം ഇതിൽ എന്തുകൊണ്ടും പ്രഥമ സ്ഥാനം അലങ്കരിക്കുന്നു. സമാധാനപൂർണമായ ഒരു സാമൂഹിക വ്യവസ്ഥയുടെ സംസ്ഥാപനത്തിനു വിഘാതം നിൽക്കുന്ന അധാർമിക ശക്തികളുടെ വിപാടനത്തിനുള്ള ഉപദേശങ്ങൾ മാത്രമാണ് ഗീതോപദേശത്തിലെ പോലെ ഖുർആനിലും കാണുന്നത്. അതൊരിക്കലും ഹിംസക്കുള്ള ആഹ്വാനമല്ല. മത തത്ത്വങ്ങളുടെ താക്കോൽ ദ്വാര പഴുതിലൂടെ തീവ്രവാദത്തിന്റെയും ഹിംസയുടെയും പാത ആരെങ്കിലും സ്വീകരിക്കുന്നുണ്ടെങ്കിൽ അതിനു പരിഹാരം ലേഖകൻ ഉപദേശിച്ച മതപരിത്യാഗമല്ല; മതത്തിന്റെ മൗലികതയിലേക്കുള്ള തിരിച്ചു പോക്കാണ്. അതെ, മത മൗലികവാദത്തെ ഗുണാത്മകമായി ഉൾക്കൊള്ളുക. ■